"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിസി1/115/2021/തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26/05/2021

<u>സർക്കുലർ</u>

വിഷയം:- കോവിഡ് 19 - എല്ലാ പഞ്ചായത്ത് തല ജാഗ്രതാ സമിതികളിലും വാർഡ് തല സമിതികളിലും പട്ടിക ജാതി വിഭാഗത്തിലുള്ളവരെ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം - സംബന്ധിച്ച്

സൂചന:- 1) 29.01.2021-ലെ ജി.ഒ.(ആർടി) 242 /2021/തസ്വഭവ സർക്കാർ ഉത്തരവ്

2) 04.05.2021-ലെ ജി.ഒ.(ആർടി) 947 /2021/തസ്വഭവ സർക്കാർ ഉത്തരവ്

3) എസ് സി/എസ് ടി/ബി സി വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 17.05.2021 തീയതിയിലെ 49/B2/2021/SCSTBC നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

4)18.05.2021 തീയതിയിലെ പ്രതിദിന കോവിഡ് എൽ.എസ്.ജി.ഡി. വാർ റൂം ഓൺലൈൻ യോഗത്തിലെ തീരുമാനം നം.4

***********************

കോവിഡ് 19 ന്റെ രണ്ടാം വ്യാപനം തടയുന്നതിന്റെ ഭാഗമായി സൂചന 1 പ്രകാരം വാർഡ് തല സമിതികൾ പുനഃരൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശ സ്ഥാപനതലത്തിലേർപ്പെടുത്തിയിട്ടുള്ള നിലവിലുള്ള സംഘടന സംവിധാനങ്ങളുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ സൂചന 2 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സമൂഹത്തിലെ ദുർബല വിഭാഗമായ പട്ടികജാതി വിഭാഗത്തിന് ഈ സംഘടന സംവിധാനങ്ങളിൽ പ്രതിനിധ്യമുറപ്പാക്കുന്നതിനും ലോക്ക് ഡൗൺ കാലത്ത് അവർക്കായി ഏർപ്പെടുത്തിയ ആശ്വാസ നടപടികൾ ഗുണഭോക്താക്കളിൽ എത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി എല്ലാ പഞ്ചായത്തുകളിലെയും വാർഡ് തല സമിതികളിൽ പട്ടിക ജാതി വിഭാഗത്തിലുള്ള ഒരാളെ വീതം ഉൾപ്പെടുത്തണമെന്ന് സൂചന 3 പ്രകാരം പട്ടികജാതി വികസന ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. സൂചന 4 ലെ യോഗ തീരുമാനപ്രകാരം താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1) എല്ലാ പഞ്ചായത്ത് തല ജാഗ്രതാ സമിതികളിലും പട്ടിക ജാതി പ്രമോട്ടർമാരെ ഉൾപ്പെടുത്തണം.

2) പട്ടിക വിഭാഗക്കാർ കൂടുതലുള്ള വാർഡുകളിലെ വാർഡ് തല സമിതികളിൽ കുടുംബശ്രീയിൽ നിന്നും പ്രസ്തുത വിഭാഗത്തിലുള്ളവരെ ഉൾപ്പെടുത്താവുന്നതാണ്.

**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്